"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - സമേതി - ദിവസ വേതന ജീവനക്കാരുടെ സേവന കാലാവധി 24.09.2023 മുതൽ ദീർഘിപ്പിച്ചു നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (പിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1061/2023/AGRI തീയതി, തിരുവനന്തപുരം, 04-11-2023

---

പരാമർശം:-

1. സ.ഉ(പി) നം.28/2016/ധന തീയതി 26/02/2016 .
2. സ.ഉ(പി) നം.56/2017/ധന തീയതി 28/04/2017 .
3. സ.ഉ.(പി) നം. 112/2018/ധന തീയതി 21/07/2018.
4. സ.ഉ(പി) 81/2019/ധന തീയതി 09/07/2019 .
5. സ.ഉ(പി) നം.29/2021/ധന തീയതി 11/02/2021.
6. സ.ഉ(സാധാ)നം. 1105/2022/കൃഷി തീയതി 14.12.2022.
7. സ.ഉ(സാധാ)നം. 843/2023/കൃഷി തീയതി 23.08.2023.
8. കൃഷി ഡയറക്ടറുടെ ADFW/2971/2022(ATMA) നമ്പർ കത്ത് .

**<u>ഉത്തരവ്</u>**

കൃഷി വകുപ്പിനു കീഴിലെ പരിശീലന കേന്ദ്രമായ സമേതിയിൽ പോളിഹൗസ് അസിസ്റ്റന്റ്, പോളി ഹൗസ് ലേബറർ, പാർട്ട് ടൈം സ്വീപ്പേഴ്സ്, ഗാർഡനർ, കെയർടേക്കർ, റൂം ബോയ്, ഓഫീസ് അസിസ്റ്റന്റ് എന്നീ തസ്തികകളിലെ താത്ക്കാലിക ജീവനക്കാരുടെ സേവന കാലാവധി യഥാക്രമം പരാമർശം (6), (7) പ്രകാരം 01.10.2022, 29.03.2023 എന്നീ തീയതികൾ മുതൽ 179 ദിവസത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകിയിരുന്നു.

2. സമേതിയിലെ കർഷക ഭവനം, പൂന്തോട്ടം, പോളിഹൗസ് , കദളീവനം തുടങ്ങിയവ ഭംഗിയായും വൃത്തിയോടെയും പരിപാലിക്കാൻ പ്രവർത്തി പരിചയവും ആത്മാർഥതയുമുള്ള ചുവടെ ചേർത്തിരിക്കുന്ന പട്ടികയിലെ ദിവസ വേതന ജീവനക്കാരുടെ സേവനം 24.09.2023 മുതൽ ഒരു വർഷത്തേക്ക് കൂടി നീട്ടണമെന്ന് പരാമർശം (8) പ്രകാരം കൃഷി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | ജീവനക്കാരുടെ പേര് | സേവനത്തിൽ പ്രവേശിച്ച തീയതി |
|---|---|---|---|
| 1 | പോളി ഹൗസ് അസിസ്റ്റന്റ് | ശ്രീമതി ജയകൃഷ്ണ | 07/07/2014 |
| 2 | പോളി ഹൗസ് ലേബറർ | ശ്രീ ഇസ്രായേൽ | 01/04/2013 |
| 3 | പാർട്ട് ടൈം സ്വീപ്പർ | ശ്രീമതി എം സത്യഭാമ | 01/09/2011 |
| 4 | പാർട്ട് ടൈം സ്വീപ്പർ | ശ്രീമതി എസ് ശ്രീദേവി | 01/09/2011 |
| | | | |

| | | | |
|---|---|---|---|
| 5 | പാർട്ട് ടൈം സ്വീപ്പർ | ശ്രീമതി ആർ അനിത | 01/09/2011 |
| 6 | പാർട്ട് ടൈം സ്വീപ്പർ | ശ്രീ ജി ഷിജി | 04/08/2014 |
| 7 | ഗാർഡനർ | ശ്രീ എച്ച് ജയൻ | 01/10/2011 |
| 8 | ഗാർഡനർ | ശ്രീ കെ വസന്തൻ | 01/11/2011 |
| 9 | കെയർ ടേക്കർ | ശ്രീ കെ മോഹനകുമാരൻ നായർ | 19/03/2012 |
| 10 | റൂം ബോയ് | ശ്രീ ആർ ഗോപകുമാർ | 02/04/2012 |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദിവസവേതന/ കരാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഉൾപ്പെടുത്തികൊണ്ട് ധനകാര്യ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള പരാമർശം 1 മുതൽ 5 വരെയുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. കൃഷി വകുപ്പിനു കീഴിലെ പരിശീലന കേന്ദ്രമായ സമേതിയിൽ നിലവിൽ ജോലി ചെയ്തു വരുന്ന, മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള പോളിഹൗസ് അസിസ്റ്റന്റ്, പോളി ഹൗസ് ലേബറർ, പാർട്ട് ടൈം സ്വീപ്പേഴ്സ്, ഗാർഡനർ, കെയർടേക്കർ, റൂം ബോയ് എന്നീ തസ്തികകളിലുള്ള മേൽ പട്ടിക പ്രകാരമുള്ള 10 കരാർ ജീവനക്കാരുടെ സേവനം, ***"സ്ഥിരപ്പെടുത്താൻ യാതൊരു അവകാശവാദവും ഉന്നയിക്കുന്നതല്ലെന്ന രേഖാമൂലമുള്ള ഉറപ്പ് വാങ്ങി സൂക്ഷിക്കേണ്ടതാണ്" എന്നി*** വ്യവസ്ഥയോടെ, സേവനകാലാവധി തീരുന്നതിന്റെ തൊട്ടടുത്ത ദിവസം ഇടവേള നൽകി ***24.09.2023 മുതൽ 179 ദിവസത്തേക്ക്*** കൂടി സേവനം ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു. തുടർന്ന് ***ടി കാലാവധി അവസാനിക്കുന്നതിനു മൂന്നു മാസം ശേഷിക്കെ പ്രസ്തുത തസ്തികകളിലേക്ക് എംപ്ലോയ്മെന്റ് വഴി മുൻകൂട്ടിയുള്ള നിയമനങ്ങൾക്കായി നടപടികൾ സ്വീകരിക്കേണ്ടതും,*** അതുവഴി തൊഴിൽ രഹിതരായ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ഇത്തരം താത്കാലിക തൊഴിലുകൾക്ക് അവസരം ഒരുക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

To

1. ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
2. ഡയറക്ടർ, സമേതി, ആനയറ, തിരുവനന്തപുരം .
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്I/ആഡിറ്റ് II/ എ&ഇ), തിരുവനന്തപുരം .
4. ധനകാര്യ (അഗ്രി-എ) വകുപ്പ് (U.O(F) No. 2581279/Agri-A2/182/2023-FIN മുഖേന).
5. വിവര പൊതുജനസമ്പർക്ക(ന്യൂ&വെബ് മീഡിയ) .
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ